# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 880

29/09/2011 ൽ
മറുപടിക്ക്

## അദ്ധ്യാപക പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) അധ്യാപക പാക്കേജ് ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയുമ്പോൾ എയ്ഡഡ് സ്കൂളുകളിൽ ആകെ എത്ര ഒഴിവു വരുമെന്നാണ് കണക്കാക്കുന്നത്;<br>(സി) ഇതിൽ എത്ര തസ്തികകളിൽ മാനേജർമാർക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ;<br>(ഡി) സർക്കാർ സ്കൂളുകളിൽ ഈ വർഷം എത്ര ഒഴിവുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഈ ഒഴിവുകളിൽ എത്ര അധ്യാപകരെ സംരക്ഷിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (ബി) മുതൽ (എച്ച്) വരെ<br>28-9-2011 ൽ കൂടിയ മന്ത്രിസഭായോഗം പാക്കേജിന് അംഗീകാരം നൽകിയിട്ടുണ്ട്. വിശദമായ ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കുന്നതാണ് |

മറുപുറം

(ഇ) ടീച്ചേഴ്സ് ബാങ്കിലുള്ള അധ്യാപകരെ ഗവൺമെന്റ് സ്കൂളിലുണ്ടാകുന്ന ഒഴിവുകളിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(എഫ്) സർക്കാർ സ്കൂളുകളിൽ അധ്യാപക നിയമനം ടീച്ചേഴ്സ് ബാങ്കിൽ നിന്ന് മാത്രമാണോ നടത്താൻ ഉദ്ദേശിക്കുന്നത് എന്നും പി.എസ്.സി. നിയമനം തുടരുമോ എന്നും വ്യക്തമാക്കാമോ;

(ജി) ടീച്ചേഴ്സ് ബാങ്കിലെ അധ്യാപകർക്ക് ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നാണ് ശമ്പളം നൽകുന്നത് എന്ന് അറിയിക്കുമോ;

(എച്ച്) സ്പെഷ്യലിസ്റ്റ് അധ്യാപക തസ്തിക സ്കൂളുകളിൽ നിലനിർത്തുമോ?

സെക്ഷൻ ഓഫീസർ